# ഞാനിപ്പോഴും പാർട്ടിയുടെ

ഡോ. സുകുമാർ അഴീക്കോട്/എ.കെ. അബ്ദുൽഹക്കീം

**സമത്വസിദ്ധാന്തത്തിന്റെ വക്താവ് എന്ന നിലയ്ക്കാണ് പാർട്ടിയെ പിന്തുണച്ചിട്ടുള്ളത് ★ വേട്ടനായ്ക്കളെ ഉപയോഗിച്ച് ഇരപിടിക്കുന്നപോലെയാണ് ലാവലിന്റെ പേരും പറഞ്ഞ് പിണറായിയെ വേട്ടയാടുന്നത് ★ പുരസ്കാരങ്ങൾ നൽകിയാലൊന്നും വീഴുന്ന ആളല്ല അഴീക്കോട് എന്ന് മനസ്സിലാക്കുന്നവർ പാർട്ടിയിലുള്ളതുകൊണ്ടാണ് അവരെനിക്കൊന്നും തരാതിരുന്നത് ★ അപ്രസക്തമായ രാഷ്ട്രീയപ്രസ്ഥാനമാണ് മുസ്‌ലിംലീഗ് ★ നെഹ്റു ഇരുന്ന ഇന്ത്യയുടെ പ്രധാനമന്ത്രിക്കസേരയിലേക്ക് ബി.ജെ.പി. ഉയർത്തിക്കാട്ടുന്നത് നരേന്ദ്ര മോഡി എന്ന ഫാസിസ്റ്റിനെയാണ് എന്നത് നിസ്സാരമായി തള്ളിക്കളയരുത് ★ 'തത്ത്വമസി' എഴുതിയ ആൾക്ക് മതിഭ്രംശമാണ് എന്നൊരാൾ പറഞ്ഞിട്ടുണ്ടെങ്കിൽ അതു തിരുത്തപ്പെടണമെന്നത് എന്റെ വാശി തന്നെയാണ് – ഈ വർഷത്തെ മാതൃഭൂമി സാഹിത്യ പുരസ്കാരം നേടിയ ഡോ. സുകുമാർ അഴീക്കോട് തന്റെ നിലപാടുകൾ വ്യക്തമാക്കുന്നു**



**എ.കെ. അബ്ദുൽഹക്കീം: വർത്തമാനകേരളത്തിലെ പ്രക്ഷുബ്ധമായ രാഷ്ട്രീയ – സാമൂഹിക സാഹചര്യങ്ങളെ വിലയിരുത്തുന്നതിന് പകരം, മാതൃഭൂമി പുരസ്കാരം കിട്ടിയതിനെക്കുറിച്ചെന്തു പറയുന്നു എന്ന് താങ്കളോട് ചോദിക്കുന്നത് ഒട്ടും ഉചിതമല്ലെന്ന് ഞാൻ വിചാരിക്കുന്നു.**

**സുകുമാർ അഴീക്കോട്:** അങ്ങനെ വിചാരിക്കേണ്ട കാര്യമില്ല. ഇപ്പോഴത്തെ ഈ അഭിമുഖത്തിന് കാരണമായത് സത്യത്തിൽ മാതൃഭൂമി പുരസ്കാരലബ്ധിയാണല്ലോ. മാത്രവുമല്ല ഈ അവാർഡ് സ്വീകരിക്കുമ്പോഴുള്ള എന്റെ മാനസികാവസ്ഥ എന്താണെന്നറിയാനും വായനക്കാർക്ക് താത്പര്യമുണ്ടാവുക സ്വാഭാവികമാണ്.

**■ എങ്കിൽ മറ്റു കാര്യങ്ങളിലേക്കു കടക്കുന്നതിനു മുൻപ് അതിനെക്കുറിച്ച് സംസാരിക്കാം.**

മാതൃഭൂമി പുരസ്കാരം എന്നത് ഹൃദ്യമായ ഒരനുഭവമാണെനിക്ക്. തത്ത്വമസിയുടെ മുഖവുരയിൽ എഴുതിയതുപോലെ പത്രം വായിക്കുക എന്നു പറഞ്ഞാൽ മാതൃഭൂമി പത്രം വായിക്കുക, പത്രത്തിൽ എഴുതുക എന്നു പറഞ്ഞാൽ മാതൃഭൂമിയിലെഴുതുക, ആഴ്ച്ചപ്പതിപ്പ് എന്നു പറഞ്ഞാൽ മാതൃഭൂമി ആഴ്ച്ചപ്പതിപ്പ് എന്നൊക്കെയായിരുന്നു ഞങ്ങൾക്കറിയാവുന്ന അർഥം. 1945-ൽ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ എഴുതിക്കൊണ്ടാണ് ഞാനെന്റെ എഴുത്തു ജീവിതം ആരംഭിക്കുന്നത്. നാലു രൂപയാണ് അന്നെനിക്ക് പ്രതിഫലം കിട്ടിയിരുന്നതെങ്കിൽ ഈയിടെ പ്രസിദ്ധീകരിച്ച എന്റെ ആത്മകഥയുടെ ഒരു ലക്കത്തിന് 5000 രൂപയാണ് മാതൃഭൂമി എനിക്കു തന്നത്. എന്റെ എഴുത്തിൽ ഇന്നെന്തെല്ലാം പ്രവണതകൾ ഉണ്ടോ അതിന്റെയെല്ലാം പ്രഥമാങ്കുരങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുള്ളത് മാതൃഭൂമിയിലാണ്. സി.എച്ച്. കുഞ്ഞപ്പ എന്ന പ്രഗല്ഭനായ എഡിറ്ററും കുട്ടികൃഷ്ണമാരാരെപ്പോലെയുള്ള അതിപ്രഗല്ഭനായ പ്രൂഫ്റീഡറും ഉണ്ടായിരുന്ന മാതൃഭൂമിയാണ് എന്നെ പോറ്റി വലുതാക്കിയത്. മാരാരെ വിമർശിച്ചുകൊണ്ട് ഞാനെഴുതിയ ലേഖനംപോലും ആഴ്ച്ചപ്പതിപ്പ് അന്ന് പ്രസിദ്ധീകരിച്ചിരുന്നു. തുടക്കക്കാരനായ ഇവനെയങ്ങ് അവഗണിച്ച് കളയാമെന്ന് കരുതുന്നവരായിരുന്നില്ല മാരാരെപോലുള്ളവർ. സാഹിത്യത്തിലെ മുടിചൂടാമന്നനായി വിരാജിച്ചിരുന്ന ജി. ശങ്കരക്കുറുപ്പിനെ വിമർശിച്ചു കൊണ്ടെഴുതിയ എന്റെ ലേഖനം പ്രസിദ്ധീക

# സുപ്പീരിയർ അഡ്വൈസർ



ഫോട്ടോ: മധുരാജ്

രിച്ചത് മാതൃഭൂമി വാരാന്തപ്പതിപ്പായിരുന്നു. കേശവമേനോനെപോലെയുള്ള ഒരു പത്രാധിപർ സ്വന്തമായുള്ള മാതൃഭൂമിക്ക് മാത്രമേ അന്നത് സാധിക്കുമായിരുന്നുള്ളൂ. ജി. യുടെ ‘സാഗരസംഗീതം’ , അരവിന്ദഘോഷിൻെറ ‘സാഗർ ഗീഥ്’ എന്ന കൃതിയുടെ തനിപ്പകർപ്പാണെന്നായിരുന്നു എൻെറ വിമർശനത്തിൻെറ കാതൽ. ജനാധിപത്യപരമായ ആശയവിനിമയത്തിനും ആശയപ്രതിരോധത്തിനുമുള്ള സാഹചര്യം മാതൃഭൂമി നൽകിയിരുന്നു. ഇന്നാണെങ്കിൽ പത്രാധിപർക്ക് അഹിതമായത് പ്രസിദ്ധീകരിക്കാതിരിക്കുക എന്നതാണ് പല പത്രങ്ങളുടെയും രീതി. പോയ കാലത്തിൻെറ അത്തരം ഉദാരതയും മാധുര്യവും ഓർമിപ്പിക്കുന്നതിനുള്ള സാഹചര്യം കൂടിയാണ് ഈ പുരസ്കാരം എനിക്കു സമ്മാനിച്ചിട്ടുള്ളത്.

**സുകുമാർ അഴീക്കോട്**

■ **പിൽക്കാലത്ത് എം.ടി. പത്രാധിപരായ ശേഷവും ആഴ്ചപ്പതിപ്പുമായുള്ള ബന്ധം അതേപോലെ തുടർന്നിരുന്നു?**

മാതൃഭൂമിയെ ഒഴിച്ചു നിർത്തിയാൽ എഴുത്തു ജീവിതത്തിലെ പ

കുതിയിലധികവും നഷ്ടപ്പെട്ടു പോകുന്നവനാണു ഞാൻ. എം.ടി. പത്രാധിപരായിരിക്കുമ്പോഴാണ് സാഹിത്യരചനകൾക്കു പുറമെ ഗാന്ധിയൻ ആശയങ്ങളുമായി ബന്ധപ്പെട്ട എന്റെ രചനകളധികവും ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരിച്ചത്.

**■ ഇടക്കാലത്ത് വീരേന്ദ്രകുമാറുമായുണ്ടായ അഭിപ്രായവ്യത്യാസങ്ങളൊന്നും വായനക്കാർ മറന്നിട്ടുണ്ടാവില്ല?**

അദ്ദേഹവുമായി ഒരുപാടു തർക്കങ്ങളും ഏറ്റുമുട്ടലുകളും നടന്നിരുന്നു എന്നത് ശരിയാണ്. 'തത്ത്വമസി'യുമായി ബന്ധപ്പെട്ടായിരുന്നു ഞങ്ങളന്ന് ഏറ്റുമുട്ടിയത്. മാതൃഭൂമി പുരസ്കാരം കിട്ടാൻ ഇത്രയും താമസിച്ചത് ഒരുപക്ഷേ, ഞങ്ങളുടെ സംഘട്ടനം കൊണ്ടായിരിക്കാം. 'ശത്രു' വായ എനിക്ക് തരാത്തത് കൊണ്ടല്ല, 'ശത്രു'വായിക്കണ്ട് ഞാനത് നിഷേധിച്ചു കളഞ്ഞാലോ എന്ന് പുരസ്കാര സമിതിയുമായി ബന്ധപ്പെട്ടവർ ഭയപ്പെട്ടിട്ടുണ്ടാവുമെന്ന് ഞാൻ വിചാരിക്കുന്നു. മറ്റൊരു പത്രവുമായിട്ടുമില്ലാത്ത ആത്മബന്ധമാണ് മാതൃഭൂമിയുമായിട്ടുള്ളത്. ഈ ആത്മബന്ധത്തിന് ലഭിക്കാവുന്ന സംതൃപ്ത സാഫല്യമാണ് ഇപ്പോൾ കിട്ടിയിട്ടുള്ള ഈ പുരസ്കാരം.

**വിരോധം സൂക്ഷിക്കുന്ന പ്രായം കഴിഞ്ഞിരിക്കുന്നു. ഒരാളോടു പോലും വിരോധമില്ലാത്ത സുഖകരമായ മനസ്സാണ് ഇപ്പോഴെന്റേത്. മനുഷ്യർ തെറ്റുകൾ ചെയ്യുന്നതുപോലും ജീവിതത്തിലുണ്ടാവുന്ന കഷ്ടപ്പാടുകൾ കൊണ്ടാണെന്നു മനസ്സിലാക്കാൻ എനിക്കിപ്പോൾ സാധിക്കുന്നു.**



ഫോട്ടോ: ലതീഷ് പൂവത്തൂർ

**■ രണ്ടു വർഷം മുൻപ്, ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച താങ്കളുമായുള്ള അഭിമുഖം വലിയ വിവാദമായിരുന്നു. 'പാർട്ടിയുടെ സുപ്പീരിയർ അഡ്വൈസറാണു ഞാൻ' എന്ന താങ്കളുടെ സ്റ്റേറ്റ്മെന്റായിരുന്നു ആ അഭിമുഖത്തിന്റെ തലക്കെട്ട്. 'അവനവനിരിക്കുന്ന കൂട്ടിൽ വിസർജിക്കുന്ന ജീവിയെപ്പോലെയാണ് അച്യുതാനന്ദൻ' എന്ന താങ്കളുടെ പരാമർശമായിരുന്നു അന്നത്തെ ഒച്ചപ്പാടുകളുടെ കേന്ദ്രബിന്ദു. പാർട്ടിയിൽ അങ്ങനെയൊരു അഡ്വൈസർ തസ്തികയില്ലെന്ന് വി. എസ്. അന്ന് പ്രതികരിക്കുകയും ചെയ്തിരുന്നു. കാലം മാറി, ഇലക്ഷനുശേഷം മാർക്സിസ്റ്റുപാർട്ടി ഇപ്പോൾ പ്രതിപക്ഷത്താണ്. പാർട്ടിയുടെ അഡ്വൈസർ പദവിയിൽ ഇപ്പോഴും താങ്കൾ ഉണ്ടോ എന്നാരെങ്കിലും സംശയിക്കുന്നെങ്കിൽ അവർക്കുള്ള മറുപടിയെന്താണ്?**

ഇപ്പോഴും ഞാനാ പദവിയിൽ തുടരുന്നു എന്നു തന്നെയാണ് സംശയമുള്ളവർക്കുള്ള എന്റെ ഉത്തരം. അങ്ങനെയല്ലായിരുന്നെങ്കിൽ പാർട്ടിയുടെ ഔദ്യോഗിക നേതൃത്വം അതു പറയുമായിരുന്നല്ലോ. ദേശാഭിമാനിയിൽ ഞാനെഴുതിക്കൊണ്ടിരിക്കുന്ന കോളത്തിൽ, ഒരു കോമ പോലും വെട്ടിക്കളയാതെയാണ് അവർ പ്രസിദ്ധീകരിക്കുന്നത്. ഗാന്ധിജി പറഞ്ഞ പാവങ്ങളോടുള്ള ആഭിമുഖ്യം ഏതെങ്കിലുമൊരു പാർട്ടി പ്രകടമായി കാണിക്കുന്നുണ്ടെങ്കിൽ അത് മാർക്സിസ്റ്റു പാർട്ടിയാണ്. ഗന്ധിയൻ പാരമ്പര്യമുണ്ടായിട്ടും കോൺഗ്രസ്സിന് ഈ ആഭിമുഖ്യം പ്രകടിപ്പിക്കാൻ കഴിയുന്നില്ല. പാർട്ടി ലൈൻ മാത്രമല്ല ഞാനെഴുതുക എന്നത് പാർട്ടി പ്രവർത്തകർക്കും നേതാക്കൾക്കുമൊക്കെ അറിയുന്ന കാര്യമാണെങ്കിലും അവർക്ക് പ്രസംഗിച്ചു നടക്കാനുള്ള പലതും ഞാനെന്റെ കോളത്തിലൂടെ നൽകാറുണ്ട്.

**■ പാർട്ടിയുടെ ഔദ്യോഗിക നേതൃത്വം തള്ളിപ്പറഞ്ഞില്ല എന്നത് ശരിയാണെങ്കിലും, വി. എസ്. എന്ന ജനനേതാവിനെ നെഞ്ചിലേറ്റിയ ലക്ഷക്കണക്കിന് സഖാക്കളും സഖാക്കളല്ലാത്തവരും താങ്കളുടെ വി. എസ്. വിരുദ്ധലൈനിൽ പ്രതിഷേധമുള്ളവരാണ് എന്നതല്ലേ സത്യം?**

പലരും ഉദ്ദേശിക്കുന്നതുപോലെ, പാർട്ടിയുടെ ദൈനംദിന കാര്യങ്ങളിൽ ഏതെങ്കിലും ഒരു പക്ഷത്ത് മാത്രം നിൽക്കുന്ന ഒരാളല്ല ഞാൻ. സമത്വസിദ്ധാന്തത്തിന്റെ വക്താവ് എന്ന നിലയ്ക്കാണ് ഞാനെപ്പോഴും പാർട്ടിയെ പിന്തുണച്ചിട്ടുള്ളത്. ദൈനംദിന രാഷ്ട്രീയം വരുന്ന സമയത്ത് ചിലപ്പോൾ പിണറായിയെയാണ് സപ്പോർട്ടു ചെയ്യുകയെങ്കിൽ മറ്റു ചിലപ്പോൾ വി. എസ്സിനായിരിക്കും എന്റെ പിന്തുണ. ഉദാഹരണത്തിന് പത്മനാഭസ്വാമി ക്ഷേത്രത്തിലെ സ്വത്ത് വിനിയോഗവുമായി ബന്ധപ്പെട്ട് വി. എസ്. സ്വീകരിച്ചിരിക്കുന്ന നിലപാടിനെ ശ്ലാഘിച്ചുകൊണ്ട് ഞാൻ ലേഖനം എഴുതുന്നുണ്ട്.

**■ ക്ഷേത്ര സ്വത്ത് പൊതു ഖജനാവിൽ ലയിപ്പിക്കണമെന്ന നിലപാട് അംഗീകരിക്കപ്പെടുമെന്ന് തോന്നുന്നുണ്ടോ?**

തിരുവിതാംകൂർ രാജാവ് പത്മനാഭദാസനോ പ്രജാദാസനോ എന്നതാണ് ചർച്ചചെയ്യപ്പെടേണ്ട കാര്യം. പത്മനാഭ ദാസന്മാരെന്ന് മാർത്താണ്ഡവർമയും മറ്റു ചിലരുമൊക്കെ പറഞ്ഞുവെന്നല്ലാതെ എനിക്കതംഗീകരിക്കാനാവില്ല. പ്രജാദാസന്മാരായിരുന്നു തിരുവിതാംകൂർ രാജാക്കന്മാർ. പാപങ്ങൾക്കുള്ള പരിഹാരമായിട്ടാണ് ഇക്കണ്ട സ്വത്തുക്കളൊക്കെ നിലവറയിലിട്ടു പൂട്ടിയത്. നിലവറയിലിട്ടു പൂട്ടിയതോടെ ഇവയെല്ലാം ഉപയോഗശൂന്യമായി. പത്മനാഭനാണ് കൊടുക്കുന്നതെങ്കിൽ ക്ഷേത്രത്തിനായിരുന്നു കൊടുക്കേണ്ടിയിരുന്നത്. മനുഷ്യന് തുറക്കാനാവാത്ത അറകളിലായിരുന്നില്ല. 'ഞങ്ങളുടെ വംശദേവത ധർമമാണ്' എന്നതായിരുന്നു അവരുടെ മുദ്രാവാക്യം. ഇക്കാര്യം തുറന്നു പറയാൻ ധൈര്യം കാണിച്ച രാഷ്ട്രീയ നേതാവാണ് വി. എസ്. അച്യുതാനന്ദൻ.

**■ പാർട്ടിയുടെ നിലപാടും വ്യത്യസ്തമല്ലല്ലോ?**

ഇക്കാര്യത്തിൽ അവരുടെ ഇടയിൽ വലിയ അഭിപ്രായ വ്യത്യാസമൊന്നുമില്ല. ഞങ്ങളുടെയൊക്കെ



ഫോട്ടോ: രാമനാഥ പൈ

പിണറായി വിജയൻ

നിലപാട്, ഇത് പൊതുസ്വത്താണ് എന്നതു തന്നെയാണ്. റിസർവ് ബാങ്ക് ഗവർണറും കേന്ദ്ര ധനകാര്യ മന്ത്രിയും കേരളാ മുഖ്യമന്ത്രിയും രാജകുടുംബത്തിൻെറ ഒരു പ്രതിനിധിയും അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച്, അവരുടെ നിർദേശാനുസരണം ഈ സ്വത്ത് വിനിയോഗിക്കപ്പെടണം എന്നതാണ് ഞങ്ങളുടെയെല്ലാം നിലപാട്. വി.എസ്സിനെ കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. പലപ്പോഴും പാർട്ടിലൈനിൽ നിന്ന് തെന്നിമാറിയും അദ്ദേഹം നിലയുറപ്പിക്കാറുണ്ട്. പാർട്ടിക്കാരനല്ലാത്തതു കൊണ്ടല്ല അദ്ദേഹം ഇങ്ങനെ ചെയ്യുന്നത്. ഒരു യഥാർഥ കമ്യൂണിസ്റ്റിന് തോന്നുന്ന വികാരമാണ് പലപ്പോഴും അദ്ദേഹം പ്രകടിപ്പിക്കുന്നത്. ഈയൊരു നീതീകരണമുള്ളതു കൊണ്ടാണ്, പൊളിറ്റ് ബ്യൂറോവിനു പോലും അദ്ദേഹത്തെ പുറത്താക്കാൻ സാധിക്കാത്തത്. പിണറായി വിജയൻ നല്ല സംഘാടകനാണെങ്കിലും ജനപക്ഷത്ത് ഉറച്ചു നിൽക്കുന്ന നേതാവ് വി. എസ് തന്നെയാണ്.

**യഥാർഥ കമ്യൂണിസ്റ്റിന് തോന്നുന്ന വികാരമാണ് പലപ്പോഴും വി.എസ്. പ്രകടിപ്പിക്കുന്നത്. ഇതു കൊണ്ടാണ്, പൊളിറ്റ് ബ്യൂറോവിനു പോലും അദ്ദേഹത്തെ പുറത്താക്കാനാകാത്തത്. പിണറായി നല്ല സംഘാടകനെങ്കിലും ജനപക്ഷത്ത് ഉറച്ചു നിൽക്കുന്ന നേതാവ് വി.എസ് തന്നെയാണ്.**

**■ പിണറായിയോട് താങ്കൾക്കുള്ള ഇഷ്ടക്കൂടുതൽ പലപ്പോഴും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടല്ലോ?**

പിണറായി വിജയൻ വൈദ്യുതി മന്ത്രിയായിരുന്നപ്പോഴാണ് ഞാന ദ്ദേഹത്തെ കൂടുതലായി ഇഷ്ടപ്പെട്ടു തുടങ്ങിയത്. തുറന്നതും വ്യക്തവുമായ ഭാഷയിലുള്ള അദ്ദേഹത്തിൻെറ സംസാരമാണ് എന്നെ ആദ്യം ആകർഷിച്ചത്. പാർട്ടി സെക്രട്ടറിയായതോടെ, ശൈലിയിലൊക്കെ ചില മാറ്റങ്ങൾ വരുത്തേണ്ടി വന്നിട്ടുണ്ടാവും. ആരുടെയെങ്കിലും പ്രസ്താവന ശരിയല്ലായെന്നൊക്കെ തിരുത്തേണ്ടി വരുന്നത് പാർട്ടി സെക്രട്ടറിയുടെ ഉത്തരവാദിത്തമായി മാത്രം കണ്ടാൽ മതി. പ്രൊഫഷനൽ റിസ്ക് കൃത്യമായി ഏറ്റെടുക്കുന്നതു കൊണ്ടാണ് പിണറായിയെ പലരും കുറ്റപ്പെടുത്തുന്നത്. വേട്ടനായ്ക്കളെ ഉപയോഗിച്ച് ഇരപിടിക്കുന്നപോലെയാണ് ലാവലിൻെറ പേരും പറഞ്ഞ് പലരും പിണറായിയെ വേട്ടയാടുന്നത്. ലാവലിൻ അഴിമതിയിൽ പങ്കുണ്ടായിരുന്നെങ്കിൽ ഒന്നാം പ്രതിയോ രണ്ടാം പ്രതിയോ ആകേണ്ടിയിരുന്നത് പിണറായിയായിരുന്നില്ലേ? വലിച്ചു നീട്ടി ഒമ്പതാം പ്രതിയായി അദ്ദേഹത്തെ കൂടി പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

**■ പാർട്ടി പക്ഷത്ത് ശരിയായി നിൽക്കുന്ന പിണറായിയും ജനപക്ഷത്ത് ശരിയായി നിൽക്കുന്ന വി. എസ്സും എന്നത് വലിയൊരു വൈരുധ്യമല്ലേ? പാർട്ടി പക്ഷവും ജനപക്ഷവും രണ്ടായി മാറിപ്പോകുന്നത് എന്തു കൊണ്ടാണ്?**

പാർട്ടി പക്ഷവും ജനപക്ഷവും ഒന്നായി നിൽക്കേണ്ട സംഗതികളാണ് എന്നതാണ് യാഥാർഥ്യം. ഇവിടെയുള്ള ചെറിയൊരു വൈരുധ്യത്തെ ഇല്ലാതാക്കാനാണ് പാർട്ടിയുടെ കേന്ദ്രകമ്മറ്റി ശ്രമിക്കുന്നത്. ഈ ശ്രമത്തിൽ ഏറെ കുറേ അവർ വിജയിച്ചിട്ടുമുണ്ട്. പാർട്ടിയുടെ കടിഞ്ഞാൺ എത്ര തന്നെ മുറുക്കിയാലും കർക്കശമായ അതിൻെറ അച്ചടക്കത്തിൽ ഒതുങ്ങാത്ത നേതാവാണ് വി. എസ്. അച്യുതാനന്ദൻ. ചരിത്രത്തിൽ പലപ്പോഴും ഇത്തരം ആളുകൾ ഉണ്ടായിട്ടുണ്ട്. ഗാന്ധിജിയും നെഹ്റുവുമെല്ലാം കോൺഗ്രസ്സുകാരായിരുന്നെങ്കിലും അതിനുള്ളിൽ ഒതുങ്ങി നിൽക്കുന്നവരായിരുന്നില്ലല്ലോ. വി. എസിനെയും അങ്ങനെ തന്നെ കാണുന്നതാണ് നല്ലത്.

**■ ജനപക്ഷവും പാർട്ടിപക്ഷവും തമ്മിലുള്ള 'വൈരുധ്യ'ത്തിൻെറ കാരണം താങ്കൾ വിശദമാക്കിയില്ല?**

'വൈരുധ്യം' എന്ന് അമർത്തിപ്പറയാനുള്ള വിഷയമൊന്നും ഇവിടെയില്ല. പാർട്ടി എന്നത് ജനപക്ഷത്തിന് വേണ്ടി നിൽക്കുന്ന ഉപകരണം തന്നെയാണ്. എന്നാൽ വ്യക്തികൾക്കില്ലാത്ത തരത്തിൽ പാർട്ടിക്ക് സംഘടനാപരമായ ചില പരിമിതികളുണ്ടാവുക സ്വാഭാവികമാണ്. പാർട്ടി ലൈനും ജനപക്ഷ ലൈനും പ്രതിഫലിക്കുമ്പോഴാണ് ഒരു പ്രസ്ഥാനം കരുത്തു പ്രാപിക്കുക. അതുകൊണ്ട്, പാർട്ടിയുടെ ഇപ്പോഴത്തെ പോക്കാണ് നല്ല പോക്ക് എന്നാണ് എൻെറ അഭിപ്രായം.

**■ ജനപക്ഷത്ത് നിൽക്കേണ്ടിയിരുന്ന പാർട്ടിയായിരുന്നു കോൺഗ്രസ്സെങ്കിലും അവരതിൽ പരാജയപ്പെട്ടുവെന്നാണ് താങ്കൾ നേരത്തെ പറഞ്ഞത്. എന്നാൽ ഈയിടെ അധികാരത്തിലെത്തിയ കോൺഗ്രസ്സ് ഗവൺമെൻറിനെയും അതിനു നേതൃത്വം നൽകുന്ന ഉമ്മൻചാണ്ടിയെന്ന മുഖ്യമന്ത്രിയെയും വാനോളമാണ് താങ്കൾ പ്രശംസിച്ചത്?**

കോൺഗ്രസ്സ് ഇന്നെത്തി നിൽക്കുന്ന അവസ്ഥയെ മറികടക്കാൻ ശ്രമിക്കുന്ന നേതാവാണ് ഉമ്മൻ ചാണ്ടി. തന്ത്രശാലിയായ രാഷ്ട്രീയക്കാരനാണദ്ദേഹം. അഞ്ചാംമന്ത്രിയെ ആ ▶

വി.എസ്. അച്യുതാനന്ദൻ



ഫോട്ടോ: ഇ.വി. രാഗേഷ്

വശ്യപ്പെട്ട മുസ്‌ലീം ലീഗ് ഇപ്പോൾ അതിനെക്കുറിച്ച് പറയുന്നില്ലല്ലോ. മുന്നണി സംവിധാനമായിരുന്നിട്ടും ഇക്കാര്യത്തിൽ ലീഗിനെ നിശ്ശബ്ദമാക്കാൻ ഉമ്മൻ ചാണ്ടിക്കു സാധിച്ചു. ഇനി നിങ്ങൾ വിശേഷിപ്പിച്ച തരത്തിൽ ഞാൻ അദ്ദേഹത്തെ പ്രശംസിച്ച വിഷയത്തിലേക്ക് വരാം. എന്റെ ശതാഭിഷേകയോഗം ഉദ്ഘാടനം ചെയ്ത വേദിയിൽവെച്ച് ഞാനും ഒ.എൻ.വിയും സുഗതകുമാരിയും അദ്ദേഹത്തോട് ഒരുപരാതി പറഞ്ഞിരുന്നു. മലയാളം ഒന്നാംഭാഷയായി പ്രഖ്യാപിക്കാനുള്ള തീരുമാനത്തെ കുറേ ഉദ്യോഗസ്ഥ പ്രമാണിമാർ അട്ടിമറിക്കാൻ ശ്രമിക്കുന്നു എന്നായിരുന്നു ഞങ്ങൾ പരാതിപ്പെട്ടത്. ഞങ്ങൾ പറഞ്ഞതിനെ ഉൾക്കൊണ്ട് പിറ്റേദിവസം തന്നെ അതു സംബന്ധിച്ചുള്ള ഉത്തരവു പുറത്തിറക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു. അന്ന് വൈകുന്നേരം ഒരു പുസ്തക പ്രകാശന ചടങ്ങിൽവെച്ച് ഒ.എൻ.വി. എനിക്ക് ഒരു കിരീടം ചാർത്തിത്തന്നിരുന്നു. എനിക്കു കിട്ടിയിട്ടുള്ള ഈ കിരീടം ധരിക്കാൻ ശരിക്കും അർഹനായിട്ടുള്ളത് മലയാളത്തെ ഒന്നാംഭാഷയാക്കി ഉത്തരവിറക്കിയ ജനകീയ മുഖ്യമന്ത്രിയാണ് എന്നാണ് ഞാനന്ന് പറഞ്ഞത്. അസംബ്ലിയിലേക്കും പാർലമെന്റിലേക്കുമൊക്കെ മത്സരിക്കാൻവരെ കോൺഗ്രസ്സ് എന്നോടാവശ്യപ്പെട്ടിട്ട് വേണ്ടെന്നുവെച്ചവനാണു ഞാൻ. അതുകൊണ്ടുതന്നെ അവരിൽ നിന്നെന്തെങ്കിലും ആനുകൂല്യം പ്രതീക്ഷിച്ചിട്ട് അവരിലാരെയെങ്കിലും പുകഴ്ത്തി പറയേണ്ട അവസ്ഥ എനിക്കില്ല.

**■ എഴുത്തച്ഛൻ പുരസ്കാരവും വള്ളത്തോൾ പുരസ്കാരവും താങ്കൾക്കു ലഭിച്ചത് യു.ഡി.എഫ് ഭരണകാലത്തായിരുന്നല്ലോ?**

അങ്ങനെ നൽകിയതുകൊണ്ട് പ്രത്യേകിച്ചെന്തെങ്കിലും ആനുകൂല്യം അവർക്കെന്നിൽ നിന്ന് ലഭിച്ചിട്ടില്ല. ഇക്കാര്യം മുൻകൂട്ടി അറിയുന്നതുകൊണ്ടാവും ഇടതുപക്ഷ സർക്കാർ

**കോൺഗ്രസ്സെത്തിനിൽക്കുന്ന അവസ്ഥ മറികടക്കാൻ ശ്രമിക്കുന്ന നേതാവാണ് ഉമ്മൻ ചാണ്ടി. അഞ്ചാം മന്ത്രിയെ ആവശ്യപ്പെട്ട മുസ്‌ലീം ലീഗ് അതിനെക്കുറിച്ച് പറയുന്നില്ലല്ലോ. മുന്നണി സംവിധാനമായിട്ടും ലീഗിനെ നിശ്ശബ്ദമാക്കാൻ ഉമ്മൻ ചാണ്ടിക്കു സാധിച്ചു.**

എനിക്ക് പുരസ്കാരങ്ങളൊന്നും നൽകാതിരുന്നതും. പുരസ്കാരങ്ങൾ നൽകിയാലൊന്നും വീഴുന്ന ആളല്ല അഴീക്കോട് എന്ന് മനസ്സിലാക്കാൻ കഴിയുന്നവർ പാർട്ടിയിലുള്ളതുകൊണ്ടാണ് അവരെനിക്കൊന്നും തരാതിരുന്നത്. അത് പാർട്ടിയുടെ ഒരു യോഗ്യതയായാണ് ഞാൻ കാണുന്നത്. ആളുകളംഗീകരിക്കുന്നുണ്ടോ എന്നെനിക്കറിയില്ലെങ്കിലും ഒരു കാര്യം ഞാൻ പറയാം. ബുദ്ധിമുട്ട് പിടിച്ച ഈ കാലഘട്ടത്തിലും വ്യക്തിത്വത്തിന്റെ സ്വതന്ത്രത നിലനിർത്താൻ ഏറെക്കുറെ എനിക്ക് സാധിച്ചിട്ടുണ്ട്. ഞാൻ ഇടതുപക്ഷത്തെ അനുകൂലിക്കുന്നവനാണ് എന്ന് പറയുന്ന ചില കോൺഗ്രസ്സ് സാഹിത്യകാരൻമാരുണ്ട്. സംസ്കാരസാഹിതി എന്ന പേരിൽ അവരൊരു പ്രസ്ഥാനവുമുണ്ടാക്കിയിട്ടുണ്ട്. എന്നാൽ അതിൽ പത്ത് ശതമാനം സാഹിത്യകാരന്മാരെങ്കിലും ഉണ്ടോ എന്നകാര്യം സംശയമാണ്. മാത്രവുമല്ല, ഉള്ളവർ തന്നെ, സർക്കാർ മാറിയതോടുകൂടി അക്കാദമികളിലും മറ്റും കയറിപ്പറ്റാൻ തിരുവനന്തപുരത്തുവന്ന് ചുറ്റിപ്പറ്റി നിൽക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അക്കാദമികളിൽ കയറിയാൽ സാഹിത്യകാരന്മാരാകും എന്ന മനോഭാവമാണ് അവരിൽ പലർക്കുമുള്ളത്. കഴിഞ്ഞ സർക്കാറിന്റെ കാലത്ത്, ബേബി സാംസ്കാരിക മന്ത്രിയായ സമയത്ത് സാഹിത്യ അക്കാദമിയുടെ അധ്യക്ഷനാവാൻ എന്നോടാവശ്യപ്പെട്ടതാണ്. അതൊന്നും ശരിയാവില്ലെന്നു പറഞ്ഞ് ഞാൻ ഒഴിവാക്കിയതാണ്. കേന്ദ്രസാഹിത്യ അക്കാദമിയുടെ അധ്യക്ഷസ്ഥാനത്തേക്കുള്ള മത്സരത്തിൽ നിന്നുപോലും അനന്തമൂർത്തിക്കുവേണ്ടി മാറിക്കൊടുത്തവനാണു ഞാൻ. ഇരുപത് കൊല്ലത്തോളം എക്സിക്യൂട്ടീവ് കമ്മിറ്റിയിലുണ്ടായിരുന്നതിന്റെ പരിചയവും തകഴി ശിവശങ്കരപിള്ളയുടെ കഠിനമായ പ്രയത്നവും സംസ്കൃതക്കാർക്ക് എന്നോടുണ്ടായിരുന്ന പ്രത്യേക പ്രതിപത്തിയും വെച്ച് ഞാൻ ജയിക്കുമെന്ന കാര്യം ഉറപ്പായിരുന്നു. പിന്മാറണമെന്ന് എന്നോടാവശ്യപ്പെടാൻ അനന്തമൂർത്തി ആദ്യം സമീപിച്ചത് അയ്യപ്പ പണിക്കരെയായിരുന്നു. ഇക്കാര്യത്തിൽ ശുപാർശയുടെ ആവശ്യമില്ലെന്നും താങ്കൾ നേരിട്ട് വിളിച്ചാൽ അഴീക്കോട് പിന്മാറുമെന്നും പണിക്കർ പറഞ്ഞതിന്റെ ധൈര്യത്തിൽ അനന്തമൂർത്തി എന്നെ വിളിക്കുകയായിരുന്നു. If you are more interested in Sahithya Academy, I will withdraw in your favour എന്നുപറഞ്ഞ് പിന്മാറുകയാണ് ഞാൻ ചെയ്തത്. അനന്തമൂർത്തി യോഗ്യനായിരുന്നതുകൊണ്ട് അഴീക്കോട് പിന്മാറിയതുകൊണ്ട് എനിക്ക് വിജയസാധ്യതയുണ്ട് എന്ന് പത്രസമ്മേളനം വിളിച്ചു പറയുകയും ചെയ്തു. ഏതാണ്ട് രണ്ടുമാസം കഴിഞ്ഞപ്പോൾ നാഷണൽ ബുക്ക് ട്രസ്റ്റിന്റെ ചെയർമാൻ സ്ഥാനം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രമന്ത്രി അർജുൻസിങ് എനിക്ക് കത്തയച്ചു. രണ്ടു മാസത്തേക്ക് ഞാനതിന് മറുപടി അയച്ചില്ല. പിന്നീട് പാലക്കാട്ട് എന്തോ പരിപാടിക്ക് വന്ന സമയത്ത് വിയ്യൂരിലെ എന്റെ വീട്ടിലെത്തി നേരിട്ടാവശ്യപ്പെട്ടിട്ടാണ് ഞാനാ സ്ഥാനം ഏ

ഉമ്മൻചാണ്ടി, മൻമോഹൻ സിങ്



ഫോട്ടോ: ഇ.വി. രാഗേഷ്

റ്റെടുത്തത്. എൻെറ മഹത്ത്വം എന്നല്ല, വിധിയുടെ ബലം എന്നാണ് ഞാനിതിനെക്കുറിച്ചൊക്കെ പറയുക. അക്കാദമിയിലിരുന്ന് ചെയ്യാൻ സാധിക്കുന്നതിലധികം കാര്യം ബുക്ക്ട്രസ്റ്റിലിരുന്ന് ചെയ്യാൻ സാധിച്ചു. പറഞ്ഞുവന്നത്, സ്ഥാനങ്ങളിലൊന്നും വലിയ കാര്യമുണ്ടെന്ന് കരുതുന്നവനല്ല ഞാനെന്നാണ്. പ്രധാനമന്ത്രിയായിരുന്ന വി.പി. സിങ് തൃശ്ശൂരിൽ വന്ന സമയത്ത് എനിക്കദ്ദേഹത്തെ കാണാനുള്ള അവസരമൊരുക്കിയിരുന്നു കെ.പി. ഉണ്ണികൃഷ്ണൻ. തൃശ്ശൂർ കലക്ടർ എന്നെ വിളിച്ച് അപ്പോയിൻറ്മെൻറ് തരുകയും ചെയ്തു. പ്രധാനമന്ത്രിയെ കാണാൻ നിൽക്കാതെ നവഭാരതിയുടെ ഒരു മീറ്റിങ്ങിന് പാലക്കാട്ടേക്ക് പോകുകയാണ് ഞാനന്ന് ചെയ്തത്. പ്രധാനമന്ത്രിയെ കണ്ടാൽ കിട്ടുമായിരുന്ന ഏതെങ്കിലും സംസ്ഥാനത്തിൻെറ ഗവർണർ പദവിയേക്കാം, മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വരുന്ന ഒരഭിമുഖമാണ് വലുത് എന്ന് വിശ്വസിക്കുന്നവനാണ് ഞാൻ.

**■ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും നേതാക്കൾക്കുമൊക്കെ സംഭവിക്കുന്ന വിലയിടിവിൽ നിന്നാണ് താങ്കളെപ്പോലുള്ളവർക്ക് മൂല്യംകൂടുന്നത് എന്നു പറയുന്നവരുണ്ട്. അണ്ണാ ഹസാരെയുടെ സമരത്തിന് കിട്ടിയ ജനപിന്തുണ, മധ്യവർഗസമൂഹത്തിൻെറ അരാഷ്ട്രീയതയുടെ അടയാളമായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. പടർന്നുകൊണ്ടിരിക്കുന്ന ഈ അരാഷ്ട്രീയ ബോധം ജനാധിപത്യസമൂഹക്രമത്തിന് ആശാസ്യമാണോ?**

ഇടത്തരക്കാരോ അതിന് താഴെയുള്ളവരോ ആയ സാധാരണ ജനങ്ങളുടെ ഗതികേടിൽനിന്നാണ് ഇത്തരം പ്രവണതകൾ രൂപംകൊള്ളുന്നത്. ജനമനസ്സുകളിൽ തിളച്ചുകൊണ്ടിരുന്ന വികാരങ്ങൾക്ക് പുറത്തുചാടാനും പ്രതിഷേധമറിയിക്കാനുമുള്ള അവസരമാണ് ഹസാരെ ഒരുക്കിക്കൊടുത്തത്. ക്ഷുഭിതമായ ഇന്ത്യൻ മനസ്സിൻെറ അടയാളങ്ങളാണ് രാംലീല മൈതാനിയെ പ്രകമ്പനം കൊള്ളിച്ചത്. എൻെറ പ്രസംഗത്തിന് ജനം കാതോർക്കുന്നതും ഒരടയാളമാണ്. ഇതിൻെറയെല്ലാം അർഥം മനസ്സിലാക്കേണ്ട ബാധ്യത ഭരണകൂടങ്ങൾക്കുണ്ട്.

**■ ഹസാരെയുടെ പ്രക്ഷോഭത്തെ കോർപ്പറേറ്റ് താത്പര്യങ്ങൾ ഹൈജാക്ക് ചെയ്തു എന്നാരോപണമുണ്ടല്ലോ?**

വെറുതെ പറയുന്നതാണിത്. ഗുജറാത്തിലെ ജന്മഗ്രാമത്തിൽ പതിറ്റാണ്ടുകൾക്ക് മുൻപുതന്നെ ഹസാരെ സമരരംഗത്തുണ്ട്. ഹസാരെയെപ്പോലെയുള്ള ഒരാളെ വിലയ്ക്കെടുക്കാൻ കഴിയുന്നവരൊന്നും ഇന്ന് ലോകത്തിലില്ല. പക്ഷേ, ലോക്പാൽ ബിൽ ഉടൻ പാസാക്കിയില്ലെങ്കിൽ ഇലക്ഷനിൽ കോൺഗ്രസ്സിനെതിരെ മത്സരിക്കും എന്നൊക്കെ പറയുന്നിടത്ത് അദ്ദേഹം ചെറുതായിപ്പോകുന്നുണ്ട്. ജനലോക്പാൽ സമരത്തിലൂടെ കിട്ടിയിട്ടുള്ള ഒഴുക്കിൽ ഹസാരെയും പെട്ടുപോകരുത്. ഇന്ത്യയിലാകമാനം ദുർബലമായിക്കൊണ്ടിരിക്കുന്ന ഗാന്ധിയൻ പ്രസ്ഥാനങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള ചരിത്രപരമായ കടമയാണ് ഒരു ഗാന്ധിയൻ എന്ന നിലയ്ക്ക് ഹസാരെ ഇപ്പോൾ ഏറ്റെടുക്കേണ്ടത്. അതേപോലെ രാംദേവിനെപോലുള്ളവരുടെ സാന്നിധ്യം ഉണ്ടാക്കിയേക്കാവുന്ന അടിയൊഴുക്കുകളെക്കുറിച്ചും അദ്ദേഹം ജാഗ്രത്താവേണ്ടതുണ്ട്.


ഫോട്ടോ: വി.എസ്. ഷൈൻ

**1992-ൽ എം.പി. നാരായണപിള്ളയുടെ 'പരിണാമം' എന്ന നോവലിന് പ്രഖ്യാപിച്ച അവാർഡ് റദ്ദ് ചെയ്തതിൽ പ്രതിഷേധിച്ച് തനിക്ക് ലഭിച്ച, അക്കാദമി പുരസ്കാരങ്ങൾ സുകുമാർ അഴീക്കോട് സാഹിത്യ അക്കാദമിക്ക് തിരിച്ച് നൽകുന്നു**

**കുഞ്ഞാലിക്കുട്ടിയോടുള്ള വി.എസ്സിൻെറ സമീപനത്തെ ഞാനംഗീകരിക്കുന്നില്ല. എന്നാൽ മുസ്ലിംലീഗിനെ രാഷ്ട്രീയമായി അംഗീകരിക്കാനും എനിക്ക് കഴിയില്ല. കോൺഗ്രസ്സിലോ ഇടതുപാർട്ടികളിലോ ലയിക്കുകയാണ് ലീഗുകാർ ചെയ്യേണ്ടത്.**

**■ ഹസാരെയുടെ സമരമൈതാനിയിലേക്കൊഴുകിയവരിൽ കൂടുതലും കൗമാരക്കാരോ അതിനു തൊട്ടുമുകളിലോ പ്രായമുള്ളവരായിരുന്നു എന്ന കാര്യം താങ്കൾ ശ്രദ്ധിച്ചിരുന്നോ?**

രാഷ്ട്രീയ കക്ഷികൾ ശ്രദ്ധിക്കേണ്ട വലിയൊരടയാളമാണിത്. അസംതൃപ്തമായ ഒരു യുവലോകം നമ്മുടെ രാജ്യത്തുണ്ട് എന്നവർ മനസ്സിലാക്കണം. ഹസാരെ ഉയർത്തിയിട്ടുള്ള പ്രതിഷേധത്തിൻെറ കൊടി കണ്ടില്ലെന്നു നടിക്കുന്നത് രാഷ്ട്രീയ ഇന്ത്യക്ക് ഭൂഷണമായിരിക്കില്ല.

**■ ലാവലിൻെറ പേരിൽ വേട്ടയാടപ്പെടുന്ന പിണറായിയുടെ അവസ്ഥയിൽ പരിതപിക്കുന്ന താങ്കൾ കുഞ്ഞാലിക്കുട്ടിയെക്കുറിച്ച് മൗനംപാലിക്കുന്നത് എന്തുകൊണ്ടാണ്? എന്നോ കഴിഞ്ഞുപോയ, പലവട്ടം കോടതി തള്ളിക്കളഞ്ഞ ഒരു കേസുമായി സി.പി.എമ്മും, വി.എസ്സും അദ്ദേഹത്തെ വേട്ടയാടുകയല്ലേ?**

കുഞ്ഞാലിക്കുട്ടിയോടുള്ള വി.എസ്സിൻെറ സമീപനത്തെ ഞാനംഗീകരിക്കുന്നില്ല. എന്നാൽ മുസ്ലിംലീഗിനെ രാഷ്ട്രീയമായി അംഗീകരിക്കാനും എനിക്ക് കഴിയില്ല. മുസ്ലിം വർഗീയതയെ ഇല്ലാതാക്കാൻ ലീഗിന് ഇതുവരെ സാധിച്ചിട്ടില്ല. 'മുസ്ലിം' എന്ന് പറഞ്ഞുകൊണ്ട് മുഖ്യധാരയിൽ നിന്ന് മാറി നിൽക്കുന്ന പ്രവണതയും നല്ലതല്ല. കോൺഗ്രസ്സിലോ ഇടതുപാർട്ടികളിലോ ലയിക്കുകയാണ് ലീഗുകാർ ചെയ്യേണ്ടത്. അപ്രസക്തമായ ഒരു രാഷ്ട്രീയപ്രസ്ഥാനമാണ് മുസ്ലിംലീഗ്. മതത്തിൻെറയോ ജാതിയുടെയോ പേരിൽ സംഘടിച്ചുനിൽക്കുന്നത് ആർക്കും നല്ലതല്ല. ലീഗിനെ മാത്രമല്ല, എൻ.എസ്.എസ്സിനേയും എസ്.എൻ.ഡി.പിയെയുമൊക്കെ ഞാനെതിർക്കുന്നത് ഈയൊരു കാരണത്താലാണ്.

**■ കോൺഗ്രസ് ദുർബലപ്പെട്ടപ്പോഴും യു.ഡി.എഫിനെ അധികാരത്തിലെത്തിച്ചത് മുസ്ലിംലീഗിൻെറ മിന്നുന്ന പ്രകടനമായിരുന്നു?**

കോൺഗ്രസ്സിനെ ശക്തിപ്പെടുത്തിയത് കരുണാകരനാണെങ്കിലും മുന്നണി സംവിധാനം വന്നതോടെ അന്യകക്ഷികളുടെ അവലംബമില്ലാതെ നിൽക്കാൻ കഴിയാത്ത അവസ്ഥ കോൺഗ്രസ്സിനുണ്ടാക്കിയതും കരുണാകരൻ തന്നെയാണ്. കേന്ദ്രത്തിലായാലും കേരളത്തിലാ ▶

അണ്ണാ ഹസാരെ



യാലും കോൺഗ്രസ്സ് ഒരു പരാധീന കക്ഷിയായി മാറിയിരിക്കുന്നു. മാത്രവുമല്ല, അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുന്ന നേതാക്കൾ ജയിലറകളിലേക്ക് മാർച്ച് ചെയ്യുകയാണ്. പഴയ കാലത്തെയും ഇപ്പോഴത്തെയും കേന്ദ്രമന്ത്രി സഭാംഗങ്ങൾ തമ്മിൽ രസകരമായ ഒരു വ്യത്യാസമുണ്ട്. നെഹ്റുവും ആസാദും പട്ടേലും ഒക്കെ അടങ്ങുന്ന പഴയ നേതാക്കൾ വളരെ കാലം ജയിലിൽ കിടന്ന ശേഷമാണ് മന്ത്രിമാരായത്. ഇപ്പോഴുള്ളവരാകട്ടെ കുറച്ചു കാലം മന്ത്രിയായിരുന്ന ശേഷം വഴിക്കു വഴിയായി ജയിലിലേക്ക് പോവുകയാണ്. ഈ പ്രവണതയുടെ കേരളത്തിലെ ഏറ്റവും നല്ല ഉദാഹരണമാണ് ബാലകൃഷ്ണപ്പിള്ള. സമൂഹത്തിൻെറ ഉയർന്ന ശ്രേണികളിൽ കുറേ കാലം ഇരുന്ന ശേഷം ഇപ്പോഴദ്ദേഹം കിടക്കുന്നത് ജയിലിലാണ്. ഇത്തരക്കാരെ വഴിവിട്ട് സഹായിക്കാൻ കോൺഗ്രസ് തയ്യാറാവരുത്. സുപ്രീം കോടതി ശിക്ഷിച്ചതിന് പുറമെ സ്വന്തം പരിശ്രമം കൊണ്ട് നാല് ദിവസം കൂടി ശിക്ഷ ദീർഘിപ്പിക്കാൻ സാധിച്ചു എന്നത് എത്രമാത്രം പരിഹാസ്യമാണ്.

**■ കോൺഗ്രസ് ദുർബലപ്പെടുമ്പോഴും ഇടതു രാഷ്ട്രീയത്തിന് ഇന്ത്യയിൽ വളർച്ചയില്ലാതെ പോകുന്നത് എന്ത് കൊണ്ടാണ്? ബി.ജെ.പി.യാണല്ലോ ഇന്ത്യയിൽ കോൺഗ്രസ്സിൻെറ ബദൽ ശക്തി?**

കമ്യൂണിസ്റ്റ് പാർട്ടികൾ വലിയ രീതിയിൽ പഠിക്കേണ്ട സംഗതിയാണിത്. സ്വാതന്ത്ര്യം കിട്ടിയിട്ട് ഇത്രയും കാലമായിട്ടും മൂന്ന് സംസ്ഥാനങ്ങളിൽ മാത്രമാണ് അവർക്ക് ശക്തമായ അടിത്തറയുള്ളത്. കേരളത്തിലും ബംഗാളിലുമൊക്കെ അധികാരം നഷ്ടമായെങ്കിലും ഇനിയും തിരിച്ച് വരാനുള്ള സ്വാധീനശക്തി അവർക്കുണ്ട്. എന്നാൽ ഇതര സംസ്ഥാനങ്ങളിൽ അവർക്കൊട്ടും വേരുറപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഉള്ളവരും ഇല്ലാത്തവരും എന്ന രണ്ടു വർഗം മാത്രമല്ല ഇപ്പോഴുള്ളത്. ബഹുഭൂരിപക്ഷം വരുന്ന ഇടത്തരക്കാരെ കണ്ടില്ലെന്നു നടിച്ച് ഇനിയും മുന്നോട്ട് പോവാനാവില്ല. സാമൂഹിക വളർച്ചയുടെ ഭാഗമായുണ്ടാവുന്ന ഇത്തരം പ്രവണതകളെ യാഥാർഥ്യബോധത്തോടെ സമീപിക്കാൻ ഇടതുപക്ഷത്തിന് കഴിയണം. പ്രാദേശിക കക്ഷിയായി ഒതുങ്ങിനിൽക്കുന്നതിൽ സന്തോഷിക്കുന്നവരാണ് ഇടതു രാഷ്ട്രീയ നേതാക്കൾ എന്ന് പലപ്പോഴും എനിക്ക് തോന്നാറുണ്ട്. ഇടതുകക്ഷികളുടെ ഇത്തരം ദൗർബല്യങ്ങൾ മൂലം അവർ വിട്ടുകൊടുത്ത ഏതോ ഒരു ഇടത്തിൽ നിന്നുകൊണ്ടാണ് ബി.ജെ.പി. കളിച്ചു ജയിക്കാൻ തുടങ്ങിയത്. കോൺഗ്രസ്സും ഇടതുപക്ഷവും ദുർബലമായാൽ ഭീകരൻമാരായ വർഗീയ കക്ഷികളാണ് ഇന്ത്യയിൽ വളർന്നുവരിക. ജവാഹർലാൽ നെഹ്റു ഇരുന്ന ഇന്ത്യയുടെ പ്രധാനമന്ത്രിക്കസേരയിലേക്ക് ബി.ജെ.പി. ഉയർത്തിക്കാട്ടുന്നത് നരേന്ദ്ര മോഡി എന്ന ഫാസിസ്റ്റിനെയാണ് എന്നത് നിസ്സാരമായി തള്ളിക്കളയരുത്. വികസനത്തിൻെറയും മറ്റും പേരിൽ മോഡി ഉണ്ടാക്കിയെടുത്ത ഇമേജാണ് പ്രധാനമന്ത്രി സ്ഥാനാർഥിയായി മാറാൻ അയാൾ ഉപയോഗിക്കുന്നത്. ജീവനെടുക്കരുതേ എന്ന് കൈകൂപ്പി കരയുന്ന അൻസാരി എന്ന ചെറുപ്പക്കാരൻെറ ചിത്രം ഗുജറാത്ത് കലാപകാലത്ത് നമ്മൾ കണ്ടതാണ്. ഇന്നും ആ പടം എൻെറ മനസ്സിലുണ്ട്. അങ്ങനെയുള്ള പ്രാണഭയമുണ്ടാക്കുന്ന രാഷ്ട്രീയ നേതൃത്വമാണ് മോഡിയുടേത്. മോഡിയെ കുറ്റപ്പെടുത്തി മാറി നിന്നതുകൊണ്ട് കാര്യമില്ല. മോഡിയെ അപ്രസക്തമാക്കാൻ സാധിക്കുന്ന രാഷ്ട്രീയ നേതൃത്വം ഉണ്ടാക്കിയെടുക്കുകയാണ് കോൺഗ്രസ്സും ഇടതുപക്ഷവും ചെയ്യേണ്ടത്.

**■ രാഹുൽ ഗാന്ധിയെയാണ് മോഡിക്കെതിരെ കോൺഗ്രസ് ഉയർത്തിക്കാട്ടാൻ പോകുന്നത് എന്നുള്ള വാർത്തകൾ ഈയിടെ പുറത്ത് വന്നിരുന്നു?**

**മൻമോഹൻ സിങ് എന്ന കഴിവുകെട്ട ഒരു പ്രധാനമന്ത്രി നമുക്കുണ്ടായത് സോണിയാ ഗാന്ധിയുടെ ദുർബല നേതൃത്വം മൂലമാണ്. ലോകരാജ്യങ്ങൾക്ക് മുൻപിൽ തലയെടുപ്പോടെ നിന്നിരുന്ന നെഹ്റുവിൻെറ സ്ഥാനത്താണ് ദാസ്യത്തിൻെറ ശരീരഭാഷയുമായി മൻമോഹൻ നിൽക്കുന്നത്.**

ചെറുപ്പക്കാരെ ഇത്തിരിയൊക്കെ ആകർഷിക്കാൻ കഴിഞ്ഞേക്കാവുന്ന രാഷ്ട്രീയ നാടകങ്ങൾ കളിച്ചു നടക്കുന്ന പയ്യൻ മാത്രമാണ് രാഹുൽ ഗാന്ധി. മോഡിയെ നേരിടാൻ മാത്രം പ്രാപ്തിയുള്ള നേതാവാണ് രാഹുൽ എന്നു കരുതുന്നത് മൗഢ്യമാണ്. ഇന്ദിരാഗാന്ധിയുടെ കുടുംബത്തിൽനിന്നുള്ളവർക്കേ കോൺഗ്രസ്സിൻെറ നേതൃത്വം കയ്യാളാനാവൂ എന്ന അന്ധവിശ്വാസം ഇനിയെങ്കിലും കോൺഗ്രസ്സുകാർ ഉപേക്ഷിക്കണം. സോണിയാഗാന്ധിയുടെ നേതൃത്വം കോൺഗ്രസ്സിനെ നയിക്കുന്നത് ശരിയായ ദിശയിലല്ല. മൻമോഹൻ സിങ് എന്ന കഴിവുകെട്ട ഒരു പ്രധാനമന്ത്രി നമുക്കുണ്ടായത് സോണിയാ ഗാന്ധിയുടെ ദുർബല നേതൃത്വം മൂലമാണ്. ലോകരാജ്യങ്ങൾക്ക് മുൻപിൽ തലയെടുപ്പോടെ നിന്നിരുന്ന നെഹ്റുവിൻെറ സ്ഥാനത്താണ് ദാസ്യത്തിൻെറ ശരീരഭാഷയുമായി മൻമോഹൻ നിൽക്കുന്നത്. 'ഡിസ്കവറി ഓഫ് ഇന്ത്യ'യെക്കുറിച്ച് ഒരു ക്വിസ് മത്സരം നടത്തിയാൽ ആദ്യ റൗണ്ടിൽതന്നെ പുറത്താവാൻ സാധ്യതയുള്ള ഒരു പയ്യനെയാണ് പ്രധാനമന്ത്രി സ്ഥാനാർഥിയായി കോൺഗ്രസ് കാണുന്നതെങ്കിൽ സങ്കടകരം തന്നെയാണത്. വിലകുറഞ്ഞ പോപ്പുലാരിറ്റിക്ക് വേണ്ടി പരസ്യതന്ത്രങ്ങളെ ആശ്രയിക്കുന്ന ചെറുപ്പക്കാരൻ എന്നേ രാഹുലിനെക്കുറിച്ച് പറയാൻ സാധിക്കൂ. നെഹ്റുവിനോട് ഗാന്ധിജി പറഞ്ഞ കാര്യം തന്നെയാണ് രാഹുലിനോട് എനിക്കും പറയാനുള്ളത്. 'to the Villages.' അല്ലാതെ ഏതെങ്കിലും ചായക്കടയിൽ കയറിയതിൻെറ പടം പത്രത്തിൽ അടിച്ചു വന്നതുകൊണ്ട് ഒരാൾക്കും നേതാവാകാൻ കഴിയില്ല. ഇന്ത്യയുടെ പ്രശ്നങ്ങൾക്ക് മുൻപിൽ രണ്ട് ദിവസമെങ്കിലും പിടിച്ചു നിൽക്കാനുള്ള ആത്മീയവും ബുദ്ധി


ഫോട്ടോ: പി.ടി.ഐ.

**രാഹുൽഗാന്ധി, സോണിയ**

പരവും സാംസ്കാരികവുമായ കഴിവ് രാഹുൽ ഗാന്ധിക്കുണ്ട് എന്ന് ഞാൻ വിചാരിക്കുന്നില്ല.

**■ ആദ്യകാലത്തുണ്ടായിരുന്നത് പോലെയുള്ള മഹാൻമാരായ നേതാക്കൾ കോൺഗ്രസ്സിനില്ലാതെ പോയതെന്ത് കൊണ്ടാണ്?**

കോൺഗ്രസ്സിന്റെ സോഷ്യലിസ്റ്റ് മനസ്സ് നഷ്ടപ്പെട്ടു പോയതുകൊണ്ടാവും ഇങ്ങനെ സംഭവിക്കുന്നത്. ഇന്ത്യ കണ്ട ജനകീയ നേതാക്കളിൽ മുൻപന്തിയിലായിരുന്ന കാമരാജ് പാർട്ടി വിട്ടുപോയില്ലേ? നൂറ് ശതമാനം കോൺഗ്രസ്സുകാരനായിരുന്ന പാമ്പൻ മാധവന് അവസാനകാലം ഇടതുപക്ഷത്തിന്റെ പ്ലാറ്റ്ഫോമിൽ നിന്ന് പ്രസംഗിക്കേണ്ടി വന്നില്ലേ? അഴിമതിയുടെ ദുർഭൂതം കോൺഗ്രസ്സിനെ പിടിമുറുക്കാൻ തുടങ്ങിയതോടെയാണ് ഞങ്ങൾക്കെല്ലാം ആ പ്രസ്ഥാനത്തെ കൈയൊഴിയേണ്ടി വന്നത്.

**■ മറ്റു പലരും നടത്തുന്ന പോപ്പുലാരിറ്റി സ്റ്റണ്ടിനെ കുറിച്ച് നമ്മൾ സംസാരിച്ചു. പല വിഷയങ്ങളിലും താങ്കൾ നടത്തുന്ന ഇടപെടലുകളെ ചിലരെങ്കിലും ഇതേ വിശേഷണത്തോടെ കുറ്റപ്പെടുത്താറുണ്ട്. ഉദാഹരണത്തിന് മോഹൻലാലിനെതിരെ നടത്തിയ പരാമർശങ്ങളെ കുറിച്ച് അദ്ദേഹത്തിന്റെ ആരാധകർ പറഞ്ഞത്, ഇതെല്ലാം അഴീക്കോടിന്റെ പോപ്പുലാരിറ്റി സ്റ്റണ്ട് മാത്രമാണെന്നാണ്?**

തിലകൻ എന്ന വലിയൊരു നടനെതിരെ വിലക്കേർപ്പെടുത്തുകയും താരങ്ങൾ പ്രമാണിമാരെപോലെ പെരുമാറുകയും ചെയ്യപ്പോഴാണ് ആ വിഷയത്തിൽ ഞാൻ ഇടപെട്ടത്. ഇപ്പോൾതന്നെ, ഇൻകം ടാക്സ് വെട്ടിച്ചുകൊണ്ട് മോഹൻലാലും മമ്മൂട്ടിയുമൊക്കെ ചെയ്തിരിക്കുന്നത് ക്രിമിനൽ കുറ്റമല്ലേ? കൃത്യമായി നികുതി കൊടുക്കുന്നതിന്റെ പേരിൽ കമലഹാസനെ ആദായ നികുതി ആപ്പീസിൽ വിളിച്ചു വരുത്തി ആദരിക്കുന്നതിന്റെ പടവും വാർത്തയും നമ്മൾ പത്രത്തിൽ കണ്ടതല്ലേ? ആനക്കൊമ്പും കള്ളപ്പണവുമൊക്കെ കണ്ടെത്തിയിട്ടും അന്വേഷണം വേണ്ട രീതിയിൽ നടക്കാതിരിക്കുന്നത് ഉമ്മൻചാണ്ടി സർക്കാരിന് ഭൂഷണമായിരിക്കില്ല. വ്യക്തിപരമായ ഒരു വിരോധവും എനിക്ക് മോഹൻലാലിനോടില്ല. 'അഴീക്കോടിന് മതിഭ്രംശമാണ്' എന്നുള്ള പ്രസ്താവനയിൽ ഖേദം പ്രകടിപ്പിച്ചാൽ അദ്ദേഹത്തിനെതിരെയുള്ള കേസ് പിൻവലിക്കാൻ ഞാൻ തയ്യാറാണ്. പരസ്യമായി പറയണമെന്നുപോലും എനിക്കില്ല. ഫോണിൽ വിളിച്ച് പറഞ്ഞാൽ പോലും പിൻവാങ്ങാൻ ഞാൻ ഒരുക്കമാണ്. പക്ഷേ, ഇനിയുമദ്ദേഹം അതിനു തയ്യാറായില്ലെങ്കിൽ മറ്റു ചില കാര്യങ്ങൾ കൂടി എനിക്ക് തുറന്ന് പറയേണ്ടിവരും. ഒരു കലാകാരൻ എന്ന നിലയ്ക്ക് എനിക്കദ്ദേഹത്തോട് ഇഷ്ടമുള്ളതുകൊണ്ടും ദ്രോഹിക്കണമെന്ന വിചാരം ഇല്ലാത്തതുകൊണ്ടുമാണ് ഞാൻ ഇതു പറയുന്നത്. ഉപനിഷത്തിന്റെ സാരസർവസ്വമായ 'തത്ത്വമസി' എഴുതിയ ആൾക്ക് മതിഭ്രംശമാണ് എന്നൊരാൾ പറഞ്ഞിട്ടുണ്ടെങ്കിൽ അതു തിരുത്തപ്പെടണമെന്നത് എന്റെ വാശി തന്നെയാണ്.

**■ നിങ്ങൾ തമ്മിലുള്ള വ്യക്തിപരമായ പ്രശ്നം തീർക്കാൻ ഒരു ഫോൺ കോൾകൊണ്ട് സാധിച്ചേക്കും എന്നത് ശരിയാണ്. എന്നാൽ താരാധിപത്യംമൂലം മലയാള സിനിമയ്ക്കുണ്ടാവുന്ന തളർച്ചയെ കുറിച്ചുള്ള ചർച്ച എവിടെയുമെത്തിയില്ലല്ലോ?**

> **'അഴീക്കോടിന് മതിഭ്രംശമാണ്' എന്ന പ്രസ്താവനയിൽ ഖേദം പ്രകടിപ്പിച്ചാൽ മോഹൻലാലിനെതിരായ കേസ് പിൻവലിക്കാൻ തയ്യാറാണ്. ഫോണിൽ പറഞ്ഞാലും പിൻവാങ്ങാൻ ഒരുക്കമാണ്. അതിന് തയ്യാറായില്ലെങ്കിൽ മറ്റു ചില കാര്യങ്ങൾ കൂടി എനിക്ക് തുറന്ന് പറയേണ്ടിവരും.**

നല്ല രീതിയിലുള്ള തുടർച്ചയും വളർച്ചയുമാണ് ആ ചർച്ചയ്ക്കുണ്ടായിട്ടുള്ളത്. താരങ്ങളെ വെച്ചുമാത്രം പടമെടുത്തിരുന്ന രഞ്ജിത്തിന്റെ പുതിയ ചിത്രത്തിൽ പൃഥ്വിരാജും തിലകനുമല്ലേ അഭിനയിക്കുന്നത്? താരരാജക്കന്മാരെ വെല്ലുവിളിച്ചു കൊണ്ടല്ലേ 'ആദാമിന്റെ മകൻ അബു'വായി സലീം കുമാർ ദേശീയ അവാർഡ് നേടിയത്? 'പ്രണയം' എന്ന സിനിമയിലെ ലാലിന്റെ വൃദ്ധവേഷം കാണുമ്പോൾ, എന്റെ വിമർശനത്തിന് രചനാത്മകമായ ഫലമുണ്ടായി എന്നാണു ഞാൻ വിശ്വസിക്കുന്നത്. താര പദവി നിലനിർത്താനുള്ള തങ്ങളുടെ ശ്രമങ്ങൾ മലയാള സിനിമയ്ക്ക് മൊത്തത്തിൽ ദോഷം ചെയ്തിരുന്നു എന്ന് ഇനിയെങ്കിലും അവരൊക്കെ മനസ്സിലാക്കുന്നത് നല്ലതാണ്.



മോഹൻലാൽ

ഫോട്ടോ: ജി. ശിവപ്രസാദ്



നരേന്ദ്രമോഡി

**■ കൃഷ്ണയ്യർ അവതരിപ്പിച്ച വനിതാ കോഡിനെതിരെ രൂക്ഷമായ വിമർശനമാണല്ലോ നടത്തിയത്?**

ഒരു കുടുംബത്തിൽ രണ്ടു കുട്ടിയേ പാടുള്ളൂ എന്ന തരത്തിൽ നിയമമുണ്ടാക്കാൻ കൃഷ്ണയ്യരെ പോലൊരാൾ ഇറങ്ങിത്തിരിച്ചു എന്നത് വിശ്വസിക്കാനാവാത്ത കാര്യമാണ്. ലോകത്തിൽതന്നെ സമൂഹത്തിന്റെ ഏറ്റവും മൗലികമായ ഘടകമാണ് കുടുംബം എന്നത്. മനുഷ്യസംസ്കാരത്തിന്റെ അടിത്തറയായി വർത്തിക്കുന്നതും കുടുംബം തന്നെയാണ്. കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ സമൂലമായ പരിവർത്തനത്തിന് കാരണമായേക്കാവുന്ന ഒരു നിയമനിർമാണം നടത്തുമ്പോൾ അത് വിപുലമായ പൊതു ചർച്ചയ്ക്ക് വിധേയമാക്കണമെന്ന ഒരു ശുപാർശയെങ്കിലും അതിലുണ്ടാവേണ്ടതല്ലേ? മാത്രവുമല്ല, മുസ്ലിം, ക്രിസ്ത്യൻ സമുദായങ്ങളിൽനിന്ന് പ്രതികരണമുണ്ടായപ്പോൾ പേടിപ്പിക്കാൻ നോക്കേണ്ട എന്നാണ് കൃഷ്ണയ്യർ പറഞ്ഞത്. പേടിപ്പിക്കലാണോ അത്? തങ്ങളുടെ കുടുംബ ഘടനയെയും വിശ്വാസ സംഹിതയെയും ബാധിക്കുന്ന ഒരു വിഷയത്തിൽ അവർ അഭിപ്രായ പ്രകടനം നടത്തുമ്പോൾ, അതിന് ചെവി കൊടുക്കാനെങ്കിലുമുള്ള ഹൃദയ വിശാലത കൃഷ്ണയ്യർ കാണിക്കേണ്ടതായിരുന്നു. കൃഷ്ണയ്യരുടെ ഇതുവരെയുള്ള ഇമേജിനെ മുഴുവൻ ചീത്തയാക്കുന്ന തരത്തിലുള്ള നിലപാടാണ് ഇക്കാര്യത്തിൽ അദ്ദേഹം കാണിച്ചിട്ടുള്ളത്.

**■ ഒ.എൻ.വി.ക്ക് ജ്ഞാനപീഠം ലഭിച്ചപ്പോൾ പുനത്തിൽ കുഞ്ഞബ്ദുള്ള നടത്തിയ ഒരു പ്രസംഗം വിവാദമായിരുന്നു. നല്ല കവിയായതുകൊണ്ടു മാത്രം ഒരാൾക്കും ജ്ഞാനപീഠം ലഭിക്കില്ലെന്നും മറ്റ് ചില കഴിവുകൾ കൂടി ഉള്ളതുകൊണ്ടാണ് ഒ.എൻ.വി.ക്ക് ജ്ഞാനപീഠം ലഭിച്ചതെന്നും അർഥം വരുന്ന തരത്തിലായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. അർഹതയ്ക്കപ്പുറമുള്ള ചില ഘടകങ്ങൾ ഏതു പുരസ്കാരങ്ങൾക്കും പിന്നിലുണ്ട് എന്ന് വിചാരിക്കുന്നത് ശരിയാണോ?**

പുരസ്കാരങ്ങൾക്കു പിന്നിൽ വ്യക്തിപരമായ സ്വാധീനങ്ങൾ ഉണ്ടാ ▶



വി.ആർ. കൃഷ്ണയ്യർ

വാറുണ്ട്. എന്നാൽ ഒ.എൻ.വി. അങ്ങനെ ചെയ്യുന്ന ആളല്ല എന്നാണെന്റെ വിശ്വാസം. മാത്രവുമല്ല, ജ്ഞാനപീഠം ലഭിക്കാൻ എന്തുകൊണ്ടും അർഹതയുള്ള ആളാണദ്ദേഹം. 'ഉജ്ജയിനി' എന്ന കാവ്യമാണ് അദ്ദേഹത്തെ ജ്ഞാനപീഠത്തിലേക്കെത്തിച്ചത് എന്ന് ഞാൻ വിചാരിക്കുന്നു. കാളിദാസനെ പുതിയ പെർസ്പെക്ടീവിൽ അവതരിപ്പിക്കുന്ന കാവ്യമാണത്. ഉത്തരേന്ത്യക്കാർക്ക് പെട്ടെന്ന് അപ്പീൽ ചെയ്യുന്ന വിഷയമാണ് കാളിദാസൻ. അതോടുകൂടി ബാക്കി കവിതകളെ കുറിച്ചും കവിയെക്കുറിച്ചുമൊക്കെ അവർ ശ്രദ്ധിക്കും. വ്യക്തിപരമായി ഏറെ സന്തോഷം നൽകിയ സംഗതിയായിരുന്നു ഒ.എൻ.വി.ക്ക് ലഭിച്ച ജ്ഞാനപീഠ പുരസ്കാരം.

**■ മനസ്സിൽ ബാക്കിയുള്ളതെല്ലാം പറഞ്ഞു തീർക്കുന്നതിന്റെ സ്വഭാവമുള്ള രചനയാണ് ആത്മകഥയുടെത്. അഴീക്കോടിന്റെ ആത്മകഥ എഴുതിക്കഴിഞ്ഞപ്പോഴുള്ള മാനസികാവസ്ഥ എന്താണ്?**

എല്ലാം തുറന്ന് എഴുതിക്കഴിഞ്ഞതിന്റെ സുഖത്തിലാണ് ഞാനിപ്പോഴും. ആത്മകഥയുടെ അവസാനത്തിൽ എഴുതിയതുപോലെ എനിക്കിപ്പോഴും വിരോധമോ പകയോ ആരോടുമില്ല. പണ്ട് നടന്ന കാര്യങ്ങളൊക്കെ കണ്ണാടിയിൽ കാണുന്നതുപോലെ വീണ്ടും കാണാൻ സാധിച്ചു എന്നതാണ് ആത്മകഥ എഴുതാനിരുന്നതിന്റെ വലിയ മെച്ചം. എന്നെ ഏറ്റവുമധികം ദ്രോഹിച്ച ഒന്നു രണ്ടാളുകളെ കുറിച്ചു പോലും തമാശയായിട്ടേ ഞാൻ എഴുതിയിട്ടുള്ളൂ. വിരോധം സൂക്ഷിക്കുന്ന പ്രായമൊക്കെ കഴിഞ്ഞിരിക്കുന്നു. ലോകത്തൊരാളോടു പോലും വിരോധമില്ലാത്ത സുഖകരമായ മനസ്സാണ് ഇപ്പോഴെന്റേത്. മനുഷ്യർ എന്തെങ്കിലുമൊക്കെ തെറ്റുകൾ ചെയ്യുന്നതു പോലും ജീവിതത്തിലുണ്ടാവുന്ന കഷ്ടപ്പാടുകൾ കൊണ്ടാണെന്നു മനസ്സിലാക്കാൻ എനിക്കിപ്പോൾ സാധിക്കുന്നുണ്ട്.

**'ഡിസ്കവറി ഓഫ് ഇന്ത്യ'യെക്കുറിച്ച് ഒരു ക്വിസ് മത്സരം നടത്തിയാൽ ആദ്യ റൗണ്ടിൽ തന്നെ പുറത്താവാൻ സാധ്യതയുള്ള ഒരു പയ്യനെയാണ് പ്രധാനമന്ത്രി സ്ഥാനാർഥിയായി കോൺഗ്രസ് കാണുന്നതെങ്കിൽ സങ്കടകരം തന്നെയാണത്.**

**■ പഴയ പ്രണയത്തെക്കുറിച്ചെഴുതിയത് പോലും സരസമായിട്ടായിരുന്നല്ലോ?**

എന്നിട്ടും അവർ എനിക്കെതിരെ വക്കീൽ നോട്ടീസ് അയച്ചിരിക്കുകയാണ്. ആത്മകഥയിൽ അവരെ അപമാനിക്കുന്ന തരത്തിൽ ഞാൻ എന്തോ എഴുതി എന്നും പറഞ്ഞാണ് അവർ നോട്ടീസ് അയച്ചിരിക്കുന്നത്. പേരോ സ്ഥലമോ കാലമോ ഒന്നും പറയാതെയാണ് ഞാനെന്റെ കാമുകിയെ കുറിച്ച് എഴുതിയത്. അത് തന്നെപ്പറ്റിയാണെന്ന് അവരങ്ങ് തീരുമാനിച്ചിരിക്കുകയാണ്. പേരു പറഞ്ഞിരുന്നെങ്കിൽ പോലും വ്യക്തിപരമായ ആക്ഷേപമാണെന്ന് തെളിയിക്കാനാവാത്ത എഴുത്തായിരുന്നു എന്റേത്. ഏതായാലും ഇക്കാര്യത്തിൽ ഒരു മറുപടി പോലും അയയ്ക്കേണ്ടതില്ല എന്നാണ് എന്റെ തീരുമാനം. "എനിക്കിങ്ങനെയൊരു സൗഹൃദമുണ്ടായിരുന്നു, അവരെ വിവാഹം കഴിക്കാതിരുന്നത് നന്നായി എന്നിപ്പോൾ തോന്നുന്നു" എന്നൊക്കെ സരസമായി എഴുതുക മാത്രമാണ് ഞാൻ ചെയ്തത്. അവരിപ്പോഴും എന്നെ കാത്തിരിക്കുകയാണ് എന്നാണ് പറയുന്നതെങ്കിൽ ഞാൻ തിരിച്ചു ചോദിക്കട്ടെ, ഞാനും വിവാഹം കഴിച്ചിട്ടില്ലല്ലോ. വിവാഹം കഴിക്കാതിരിക്കുക എന്ന രീതിയിലുള്ള എന്തോ ഒരു സങ്കൽപ്പം ചെറുപ്പം മുതലേ എന്റെ മനസ്സിലുണ്ടായിരുന്നു എന്നതാണ് വാസ്തവം. വേണ്ടപ്പെട്ട ചില ആളുകളൊക്കെ നിർബന്ധിച്ചപ്പോൾ അവരെ കാണാൻ പോയി എന്നത് നേരു തന്നെയാണ്. പക്ഷേ, അത് നടക്കാതെ പോയപ്പോൾ രക്ഷപ്പെട്ടു എന്നേ ഞാൻ വിചാരിച്ചിട്ടുള്ളൂ. ആരോടെങ്കിലും വിരോധമുള്ളത് കൊണ്ടല്ല ഞാൻ ഇങ്ങനെ വിചാരിച്ചത്. അവിവാഹിതനായിരിക്കുക എന്നത് തന്നെയായിരുന്നു എന്നും എന്റെ നിഗൂഢമായ ആഗ്രഹം.

**■ ആത്മരതിയായി പോവാറുണ്ട് എന്നതാണ് പൊതുവെ ആത്മകഥകളെ കുറിച്ചുള്ള ആരോപണം. അതു കൊണ്ടാണ് പലരും ആത്മകഥയെഴുതാതിരുന്നത് എന്നും കേട്ടിട്ടുണ്ട്. അഴീക്കോടിന്റെ ആത്മകഥയും ആത്മരതിയായിപ്പോയിട്ടുണ്ട് എന്നാരെങ്കിലും വിമർശിച്ചാൽ എങ്ങനെയാണ് മറുപടി പറയുക?**

അവനവൻ തന്നെ വിഷയമാവുന്ന ഒരു രചനയിൽ അങ്ങനെ സംഭവിക്കാനുള്ള സാധ്യത കൂടുതലാണ്. നമുക്കൊക്കെ നമ്മളെയാണല്ലോ കൂടുതൽ പരിചയം. ചില കാര്യങ്ങളിലെങ്കിലും മറ്റുള്ളവർ മനസ്സിലാക്കിയിരിക്കുന്നത് ശരിയല്ല എന്ന് പറയേണ്ടി വരുമ്പോൾ അത് സ്വയം നീതീകരിക്കലാണ് എന്ന് വായനക്കാർക്ക് തോന്നുന്നത് സ്വാഭാവികമാണ്. സ്വയം പുകഴ്ത്തലായി തെറ്റിദ്ധരിച്ചേക്കാവുന്ന ഇത്തരം സന്ദർഭങ്ങൾ ഒഴിവാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. നിസ്സംഗമായ ഒരു മനോഭാവം നിലനിർത്തിക്കൊണ്ടാണ് ഞാൻ ആത്മകഥയെഴുതിയത്. എങ്കിലും ശങ്കരക്കുറുപ്പിനെ വിമർശിച്ചതിൽ ഞാൻ ഇപ്പോഴും ഉറച്ചു നിൽക്കുന്നു എന്നൊക്കെ എനിക്ക് പറയേണ്ടി വന്നിട്ടുണ്ടാവും. ആത്മവിശ്വാസത്തോടെയുള്ള സത്യകഥനങ്ങ



ഒ.എൻ.വി. കുറുപ്പ്, സുകുമാർ അഴീക്കോട്

ഫോട്ടോ: ജി. ബിനുലാൽ



ഫോട്ടോ മനീഷ് ചേമഞ്ചേരി

ളെ ആത്മപ്രശംസയായി തെറ്റിദ്ധരിക്കാനുള്ള സാധ്യത ഏറെയാണല്ലോ. എഴുതിയതൊന്നും രണ്ടാമത് വായിക്കാൻ സാധിക്കാതെയാണ് ഞാൻ ആഴ്ചപ്പതിപ്പിന് കൊടുത്തത് എന്ന ഒരു പോരായ്മ സംഭവിച്ചിട്ടുണ്ട്. അതിനാൽ ചെറിയ തരത്തിലുള്ള അപാകതകൾ പോലും ഉണ്ടായിട്ടില്ല എന്നൊന്നും ഞാൻ പറയില്ല. ആത്മകഥയുടെ ഒന്നാമത്തെ വാല്യം പുസ്തക രൂപത്തിൽ പുറത്ത് വന്നിട്ടുണ്ട്. രണ്ടാമത്തെ വാല്യവും അടുത്ത ദിവസം പുറത്തു വരും. ഇവ രണ്ടും ചേർത്ത് പൂർണ രൂപത്തിൽ പുറത്തു വരുന്ന എന്റെ ആത്മകഥയിൽ യാതൊരു വിധത്തിലുള്ള ആക്ഷേപത്തിനും വകയുണ്ടാവില്ല എന്നുറപ്പു പറയാനേ എനിക്കിപ്പോൾ സാധിക്കൂ.

**■ ആത്മകഥയ്ക്ക് അവസാനത്തെ എഴുത്ത് എന്നർഥമില്ലെങ്കിലും ചോദിക്കുകയാണ്, ഇനിയെന്തെങ്കിലും ബാക്കിയുണ്ടോ എഴുതാൻ?**

എഴുതും എന്നു ഞാൻ പറയുന്നില്ല. പക്ഷേ, എഴുതണം എന്നു വിചാരിച്ചാൽ ഇനിയുമൊരുപാട് ബാക്കിയുള്ളവനാണ് ഞാൻ. ഉപനിഷത്തുകളെ കുറിച്ചെഴുതിയതുപോലെ വേദങ്ങളെക്കുറിച്ച് ഒരു ഗ്രന്ഥമെഴുതണമെന്ന് അയ്യപ്പപ്പണിക്കർ എപ്പോഴും പറയുമായിരുന്നു. എന്റെ കാഴ്ചപ്പാടിലുള്ള ശ്രീ നാരായണഗുരുവിനെക്കുറിച്ച് എഴുതണമെന്ന് ടി. എൻ. ജയചന്ദ്രനും പറയാറുണ്ടായിരുന്നു. ഇതുരണ്ടും എനിക്കു സാധിക്കുന്നത് തന്നെയാണെങ്കിലും അതിനുള്ള ഒരുക്കമൊന്നും ഇതുവരെ നടത്തിയിട്ടില്ല. സാഹിത്യ സംബന്ധിയായി ഇനിയെന്തെങ്കിലും എഴുതണമെന്ന ആഗ്രഹം എനിക്കില്ല.

**അവരിപ്പോഴും എന്നെ കാത്തിരിക്കുകയാണ് എന്നാണ് പറയുന്നതെങ്കിൽ ഞാൻ തിരിച്ചു ചോദിക്കട്ടെ, ഞാനും വിവാഹം കഴിച്ചിട്ടില്ലല്ലോ. വിവാഹം കഴിക്കാതിരിക്കുക എന്ന രീതിയിലുള്ള എന്തോ ഒരു സങ്കൽപ്പം ചെറുപ്പം മുതലേ എന്റെ മനസ്സിലുണ്ടായിരുന്നു എന്നതാണ് വാസ്തവം.**

നാൽപ്പതോളം പുസ്തകങ്ങൾ ഞാൻ എഴുതിയിട്ടുണ്ട് എന്നതുതന്നെ അവിശ്വസനീയമായിട്ടാണ് ഇപ്പോൾ തോന്നുന്നത്. ഇനിയെന്തെങ്കിലുമൊന്ന് എഴുതുകയാണെങ്കിൽ അത് ശ്രീനാരായണനെ കുറിച്ചായിരിക്കുമെന്ന് മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളൂ. പ്രസംഗിക്കാൻ വേണ്ടിയുള്ള ഓട്ടത്തിനിടയിൽ എഴുതാനൊക്കെ ഇനിയും സമയം കിട്ടുമോ എന്നെനിക്ക് ഉറപ്പില്ല.

**സുകുമാർ അഴീക്കോട്**

**■ എൺപത്തിയേഴാമത്തെ വയസ്സിലും ഇങ്ങനെ ഓടി നടക്കാനാവുന്നതിന്റെ രഹസ്യമെന്താണ്?**

ഓരോ പ്രസംഗത്തിൽനിന്നും എനിക്ക് കിട്ടുന്ന ഊർജമാണ് എന്റെ ആരോഗ്യത്തിന്റെ രഹസ്യം. പ്രസംഗം കേട്ടിരിക്കുന്നവരുടെ മുഖഭാവം കാണുമ്പോൾ എനിക്കുണ്ടാവുന്ന അനുഭൂതിയിൽനിന്നാണ് ഞാൻ കൂടുതൽ കരുത്തനാവുന്നത്. എന്റെ പ്രസംഗം കേട്ട് അനങ്ങാതിരിക്കുന്ന ഓരോരുത്തരും എനിക്ക് നൽകുന്ന ആത്മീയ പ്രചോദനം വാക്കുകൾക്കതീതമാണ്. ഇത്രകാലം പ്രസംഗിച്ചു നടന്നിട്ടും ആഗ്രഹിച്ചതുപോലെ ഈ ലോകം മാറാത്തതിൽ നിരാശയില്ലേ എന്ന് പലരും ചോദിക്കാറുണ്ട്. മനുഷ്യ മനസ്സുകളുടെ അടിത്തട്ടിൽ അവർ നന്മയെയാണ് ആഗ്രഹിക്കുന്നത് എന്നെനിക്ക് മനസ്സിലായിട്ടുള്ളത് എന്റെ പ്രഭാഷണങ്ങളിലൂടെയാണ്.

മനുഷ്യനന്മയിലുള്ള വിശ്വാസം എനിക്കിതുവരെ നഷ്ടപ്പെട്ടിട്ടില്ല. നാളെത്തന്നെ മരിച്ച് പോയാലും എനിക്ക് വിഷമമൊന്നുമില്ല. എന്നാലും ഇനിയും ജീവിച്ചാൽ കൊള്ളാമെന്ന ആഗ്രഹം ബാക്കി നിൽക്കുന്നത് മനുഷ്യ മനസ്സുകളിലെ നന്മയെ കണ്ടെത്താൻ സാധിക്കുന്നത് കൊണ്ടാണ്. ■